ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

**അടിയന്തരം**

ഇ.3/4400/2008/സിഇ/എൽ.എസ്.ജി.ഡി തീയതി 20/07/2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് - ജീവനക്കാര്യം - പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം - ത്വരിതപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:-

*********

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുമുള്ള തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗത്തിലേക്കുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും, ഓവർസീയർമാരുടെയും റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. അവയിൽ നിന്നും ഇതിനകം തന്നെ നിയമന ശുപാർശകളും നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഇതോടനുബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ടി ഉത്തരവ് ലഭ്യമായി 15 ദിവസത്തെ കാലാവധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിക്കു ഹാജരായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, അല്ലാത്തപക്ഷം ടി വിവരം എത്രയും പെട്ടെന്ന് ചീഫ് എഞ്ചിനീയറെ അറിയിക്കേണ്ടതുമാണ്. ടി പ്രവൃത്തി ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ തങ്ങളുടെ കീഴിലുള്ള ജൂനിയർ സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരി നിർദ്ദിഷ്ട സമയം പാലിച്ചുകൊണ്ട് ജോലിയിൽ പ്രവേശിച്ചവരുടെ വിവരം ചീഫ് എഞ്ചിനീയറെ അറിയിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിക്കാത്തവരെ സംബന്ധിച്ച് അവരുടെ വിവരം നിയമന ശുപാർശയോടൊപ്പം നൽകിയിരുന്ന 'ഒറ്റത്തവണ തിരിച്ചറിയൽ പത്ര' വും കൂടി ചേർത്ത് നൽകേണ്ടതാണ്.

ഈ വകുപ്പിൽ പല തസ്തികകളിലും ജീവനക്കാരുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ, സർക്കാരിൽ നിന്നും പി.എസ്.സി നിയമനങ്ങൾ ത്വരിതപ്പെടുത്തവാനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. അതിനാൽ അതാതു നിയന്ത്രണാധികാരികൾ തങ്ങളുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തിക്കൊണ്ട് മേൽപറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

എൻ.പി/-